LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസ് തെറ്റയിൽ : സർ, പരിശോധിച്ച് അതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. കെ. സദാശിവൻ : ആലപ്പുഴയിലെ വാട്ടർ ട്രാൻസ്പോർട്ടിന്റെ ഡോക്ക് യാർഡിനെ ബോട്ടുകളുടെ ശവപ്പറമ്പ് എന്നാണ് നേരത്തെ വിളിച്ചു കൊണ്ടിരുന്നത്. കനാലിൽ താഴ്ന്ന് കിടന്ന 27 ബോട്ടുകളിൽ 22 എണ്ണം കരയ്ക്ക് കയറ്റി. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. എന്റെ ചോദ്യം, അങ്ങ് കഴിഞ്ഞ ദിവസം പോഞ്ഞിക്കരയിൽ ഉദ്ഘാടനം ചെയ്ത ഡോക്ക് യാർഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കും ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ : കോട്ടയം, ആലപ്പുഴ റൂട്ടിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന സ്റ്റീൽ ബോട്ട് ചോർന്നൊലിക്കുന്ന അവസ്ഥയാണുള്ളത്. അത് കഴിഞ്ഞ ദിവസം സബ്മിഷനിലൂടെ ചൂണ്ടിക്കാണിച്ചു. അതുമാറ്റി പഴയ തടി ബോട്ട് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, ഇപ്പോൾ 48 ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത്. ഇതിൽ 14 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും ഈ ഗവൺമെന്റിന്റെ കാലത്താണ്.....

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ മണ്ഡലത്തിൽ 1980-ൽ വാട്ടർ ട്രാൻസ്പോർട്ട് ആരംഭിച്ചതാണ്. അന്ന് അഞ്ച് ബോട്ടുകളുണ്ടായിരുന്നു. ഇപ്പോൾ കേവലം മൂന്ന് ബോട്ടുകളാണുള്ളത്. അതിലൊന്ന് കട്ടപ്പുറത്താണ്. കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മുൻമന്ത്രി വന്ന് കാര്യങ്ങളൊക്കെ ബോധ്യപ്പെട്ടതാണ്. ആ സ്ഥലത്തുവന്ന്.....(മൈക്ക് ഓഫ്).....നടപടി സ്വീകരിക്കുമോ ?

ശ്രീ. ജോസ് തെറ്റയിൽ : സർ, നടപടി സ്വീകരിക്കാവുന്നതാണ്.

*(ചോദ്യോത്തര സമയം കഴിഞ്ഞു)*

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള ഗവേഷണ പ്രവർത്തനങ്ങൾ

5 (*545) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ ഗവേഷണപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) സംസ്ഥാനത്ത് എൻജിനീയറിംഗ് മേഖലയിലെ ഗവേഷണം ത്വരിതപ്പെടുത്താനും എൻജിനീയറിംഗ് ഗവേഷണത്തിന് മാർഗ്ഗനിർദ്ദേശം നൽകാനും വേണ്ടി സെന്റർ ഫോർ എൻജിനീയറിംഗ് റിസർച്ച് & ഡെവലപ്മെന്റ് (CERD) എന്ന സ്ഥാപനം 2010 ജൂൺ 15-ന് പ്രവർത്തനം ആരംഭിച്ചു. തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിലാണ് ഇതിന്റെ ആസ്ഥാനം. ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

(1) ഗവേഷണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക;

(2) ഗവേഷണത്തിനാവശ്യമായ ധനം കണ്ടെത്താൻ സഹായിക്കുക;

(3) വിവിധ ഗവേഷണ ഏജൻസികളുമായി സഹകരിച്ച് സംസ്ഥാനത്തെ എൻജിനീയറിംഗ് ഗവേഷണം ശക്തിപ്പെടുത്തുക;

(4) പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കാൻ സഹായിക്കുക;

(5) നൂതന വിദ്യാർത്ഥി പ്രോജക്ടുകൾക്ക് ധനസഹായം നൽകുക;

(6) വിവിധ കോളേജുകളിലെ വിവിധ വിഷയങ്ങളിലെ വൈദഗ്ദ്ധ്യം ഏകോപിപ്പിച്ച് ഗവേഷണ ക്ളസ്റ്റർ ഉണ്ടാക്കുക;

(7) വാർഷിക ടെക്നോളജിക്കൽ കോൺഗ്രസ് നടക്കുക;

(8) ഗവേഷകർക്ക് പ്രോൽസാഹന സമ്മാനങ്ങളും അവാർഡുകളും നൽകുക.

(ബി) പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എൻജിനീയറിംഗ് ഗവേഷണം പ്രോൽസാഹിപ്പിക്കുന്നതിനായി ഒരു റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായി വരുന്നു. ഈ റിസർച്ച് പാർക്കിൽ പ്രവർത്തനമാരംഭിക്കുന്ന ഗവേഷണ യൂണിറ്റുകൾക്ക് പ്രാഥമിക ഭൗതിക സൗകര്യങ്ങൾ ലഭ്യമാക്കാനും ഗവേഷണ പ്രവർത്തനങ്ങൾക്ക് എൻജിനീയറിംഗ് കോളേജുകളുടേയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടേയും ഭൗതിക സൗകര്യങ്ങളും മാനവശേഷിയും ഉപയോഗിക്കാനും അതുവഴി ഗവേഷണസ്ഥാപനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.